# പതിമൂന്നാം കേരള നിയമസഭ
## എട്ടാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം. 507 — 19.03.2013 ൽ മറുപടിയ്ക്ക്

## കാർഷികമേഖലയുടെ വിപുലീകരണം

| ചോദ്യം | മറുപടി |
|---|---|
| ശ്രീ. ഇ.കെ. വിജയൻ | ശ്രീ. സി. എൻ. ബാലകൃഷ്ണൻ<br>(സഹകരണവും ഖാദിഗ്രാമ വ്യവസായവും മലിനീകരണ നിയന്ത്രണവും വകുപ്പ് മന്ത്രി) |
| (എ) കാർഷിക മേഖലയുടെ വിപുലീകരണത്തിന് ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം സഹകരണ ബാങ്കുകൾ വഴി എന്തെല്ലാം പദ്ധതികളാണ് നടപ്പിലാക്കി വരുന്നത്; വിശദമാക്കുമോ; | (എ) പ്രാഥമിക കാർഷിക വായ്പാ സഹകരണ സംഘങ്ങൾ/സർവീസ് സഹകരണ ബാങ്കുകൾ മുഖേന വിതരണം ചെയ്യുന്ന ഹ്രസ്വകാല കാർഷിക വായ്പകൾ കൃത്യമായി തിരിച്ചടവ് നടത്തുന്നവർക്ക് പലിശ സബ്സിഡി നൽകുന്നതിനായി ഉത്തേജന പലിശ ഇളവ് പദ്ധതി നടപ്പിലാക്കുകയുണ്ടായി. ഇപ്രകാരം സംസ്ഥാന സർക്കാരിന്റെ പലിശ സബ്സിഡിയും കേന്ദ്ര ഗവൺമെന്റിൽ നിന്നും, നബാർഡ് മുഖേന ലഭ്യമാകുന്ന പരമാവധി 3% പലിശ സബ്‌വെൻഷനും ചേർത്ത് ഹ്രസ്വകാല കാർഷിക വായ്പകൾ പലിശരഹിതമായി നൽകുന്ന പദ്ധതി, കാർഷിക മേഖലയുടെ വിപുലീകരണത്തിന് വഴിയൊരുക്കിയിട്ടുണ്ട്.<br><br>കർഷകരെ പ്രോത്സാഹിപ്പിച്ച് കാർഷിക ഉല്പാദനം വർദ്ധിപ്പിക്കുന്നതിനായി കൃഷി വകുപ്പുമായി സഹകരിച്ച് ഫാർമേഴ്സ് സർവീസ് സെന്ററുകൾ ആരംഭിക്കുന്നതിന് തുടക്കം കുറിച്ചിട്ടുണ്ട്.<br><br>ഇതിനുപുറമേ, എൻ.സി.ഡി.സി. ധനസഹായത്തോടെ സംഘങ്ങൾ മുഖേനയുള്ള ഗോഡൗൺ നിർമ്മാണവും കൊപ്ര, നാളികേരമേഖലയിലെ സംസ്കരണ യൂണിറ്റുകളും മറ്റ് കാർഷിക അനുബന്ധ പദ്ധതികളും കാർഷിക മേഖലയുടെ വിപുലീകരണത്തിന് വഴിയൊരുക്കിയിട്ടുണ്ട്. |

(ബി) കാർഷിക വായ്പകൾക്ക് എത്ര ശതമാനം പലിശയാണ് ഈടാക്കുന്നത്; വിശദമാക്കുമോ;

(ബി) സഹകരണ വകുപ്പ് മുഖാന്തിരം സംസ്ഥാനത്തെ നെൽകർഷകർക്ക് പലിശ രഹിത വായ്പാ പദ്ധതി നടപ്പിലാക്കി വരുന്നു. ഇതിനു പുറമെ ഹ്രസ്വകാല വായ്പകൾ സംസ്ഥാന സർക്കാരിന്റെ പലിശ സബ്സിഡിയും കേന്ദ്ര ഗവൺമെന്റിന്റെ പലിശ സബ്‌വെൻഷനും വിനിയോഗിച്ച് പലിശരഹിതമായി നൽകുന്നതിനുള്ള പദ്ധതി നടപ്പിലാക്കിയിട്ടുണ്ട്.

സഹകരണ സംഘങ്ങൾ മുഖേന നൽകുന്ന മധ്യകാല വായ്പകൾക്ക് പരമാവധി 11% ഉം ദീർഘകാല വായ്പാ മേഖലയിൽ പരമാവധി 13.25% വുമാണ് കാർഷിക വായ്പകൾക്ക് ഈടാക്കുന്ന പലിശ നിരക്കുകൾ.

(സി) കാർഷിക മേഖലയുടെ വിപുലീകരണത്തിന് സഹകരണ സംഘം വഴി പലിശരഹിത വായ്പ ലഭ്യമാക്കുന്നതിന് നടപടി സ്വീകരിക്കുമോ?

(സി) കൃത്യമായി കാർഷിക വായ്പ തിരിച്ചടയ്ക്കുന്ന കർഷകർക്ക് പലിശരഹിതമായി കാർഷിക വായ്പ നൽകുന്നതിന് മാർഗ്ഗ നിർദ്ദേശങ്ങൾ സർക്കാർ അംഗീകരിച്ചിട്ടുണ്ട്. 2012-13 വർഷത്തിൽ 31 കോടി (മുപ്പത്തി ഒന്ന് കോടി രൂപ) അനുവദിക്കുന്നതിന് ഭരണാനുമതി നൽകുകയും മൂന്ന് കോടി രൂപ ഇതിനകം ലഭ്യമാക്കുകയും ചെയ്തിട്ടുണ്ട്. കൃത്യമായി വായ്പ തിരിച്ചടയ്ക്കുന്ന വായ്പക്കാർക്ക് ലഭിക്കുന്ന 3% സബ്‌വെൻഷൻ കഴിച്ച് സംസ്ഥാന സർക്കാർ നൽകുന്ന പരമാവധി 5% പലിശ സബ്സിഡിയും വിനിയോഗിച്ച്, ഹ്രസ്വകാല കാർഷിക വായ്പകൾ പൂർണ്ണമായും പലിശരഹിത വായ്പയായി നൽകുന്നത് കാർഷിക മേഖലയുടെ വിപുലീകരണത്തിന് ഇടയാക്കിയിട്ടുണ്ട്.

മാത്രമല്ല നെൽകൃഷിക്ക് മുഴുവൻ പലിശ തുകയും സർക്കാർ അനുവദിച്ച് നൽകുന്നത് നെൽകൃഷി വ്യാപിപ്പിക്കാൻ ഒരളവുവരെ സഹായിച്ചിട്ടുള്ളതായും വിലയിരുത്തിയിട്ടുണ്ട്.

സെക്ഷൻ ഓഫീസർ